358 (1551) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് പ്രസ്സുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര പ്രസ്സുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഈ പ്രസ്സുകൾ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ആവശ്യമായ ഫാറങ്ങളും രജിസ്റ്ററുകളും മറ്റും പൂർണ്ണമായും അച്ചടിക്കുവാൻ കഴിയുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്പോൾ ഇവ അച്ചടിക്കുന്നത് എവിടെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഓരോ ജില്ലയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് പ്രസ്സുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പ്രസ് സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടുള്ള ഗ്രാമലക്ഷ്മി മുദ്രാലയം.

(ബി) പഞ്ചായത്തുകൾക്ക് ആവശ്യമായ പൊതുവായ ഫാറങ്ങളും രജിസ്റ്ററുകളും പൂർണ്ണമായും അച്ചടിക്കാൻ കഴിയുന്നുണ്ട്.

(സി) ബാധകമല്ല.

(ഡി) എല്ലാ ജില്ലകളിലും പ്രസ്സുകൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

359 (1552) സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു വകുപ്പിൽ സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ മാനദണ്ഡം നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്തുവകുപ്പിൽ മാത്രമായി സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

(ബി)&(സി) കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന സ്ഥലം മാറ്റം സംബന്ധിച്ച പൊതു മാനദണ്ഡങ്ങൾ പഞ്ചായത്ത് വകുപ്പിനും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly